**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2749** **13-12-2022 - ൽ മറുപടിയ്ക്ക്**

**മഞ്ചേരി മണ്ഡലത്തിൽ വ്യവസായ വകുപ്പിന്റെ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു.എ.ലത്തീഫ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | മഞ്ചേരി മണ്ഡലത്തിൽ വ്യവസായ വകുപ്പിന്റെ ആഭിമുഖ്യത്തിൽ എന്തൊക്കെ സംരംഭങ്ങളാണ് തുടങ്ങുന്നത് എന്ന് വിശദമാക്കാമോ; | (എ) | ഭക്ഷ്യസംസ്കരണം, ടെക്സ്റ്റൈൽസ് & ഗാർമെൻറ്സ്, ജനറൽ എൻജിനീയറിങ്, ബിൽഡിങ് മെറ്റിരിയൽസ്, മറ്റുസേവനമേഖലകൾ, കച്ചവടം എന്നീ മേഖലകളിലാണ് സംരംഭങ്ങൾ ആരംഭിക്കുന്നത്. മഞ്ചേരി മണ്ഡലത്തിൽ ഇതുവരെ 646 സംരംഭങ്ങൾ ആരംഭിച്ചു. 37.90 കോടിയുടെ നിക്ഷേപവും 1579 തൊഴിലവസരങ്ങളും ഉണ്ടായി. |
| (ബി) | മഞ്ചേരി നഗരസഭയിൽ പ്രവർത്തിക്കുന്ന പയ്യനാട് സി.എഫ്.സി.യിൽ പുതിയ പദ്ധതികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദ വിവരങ്ങൾ ലഭ്യമാക്കുമോ; | (ബി) | മഞ്ചേരി നഗരസഭയിൽ പ്രവർത്തിക്കുന്ന പയ്യനാട് കോമൺഫെസിലിറ്റി സർവീസ് സെന്ററിലെ വിവിധ വിഭാഗങ്ങളിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്ന സർവീസുകൾ ആധുനീകരിക്കുന്ന നടപടികൾക്കായി 2.6 കോടി രൂപയുടെ പ്രൊപോസൽ നൽകിയിട്ടുണ്ട്. കൂടാതെ നാഷണൽ സ്കിൽ ഡെവലപ്മെന്റ് കോർപ്പറേഷന്റെ അംഗീകാരമുള്ള സർട്ടിഫിക്കറ്റ് പ്രോഗ്രാമുകൾ തുടങ്ങുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുള്ളതുമാണ്. |
| (സി) | പഞ്ചായത്ത്, മുൻസിപ്പാലിറ്റി എന്നിവ തരംതിരിച്ച് പദ്ധതികളും പ്രവർത്തിയുടെ പുരോഗതിയും വ്യക്തമാക്കാമോ? | (സി) | ഒരുലക്ഷം സംരംഭങ്ങൾ പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച് മഞ്ചേരി നിയമസഭാ മണ്ഡലത്തിലെ പുരോഗതി പഞ്ചായത്ത്/മുനിസിപ്പാലിറ്റി തിരിച്ച് താഴെ ചേർക്കുന്നു. |

| ക്രമ നമ്പർ | പഞ്ചായത്ത്/ മുനിസിപ്പാലിറ്റി | 2022-23 ൽ ലക്ഷ്യമിടുന്ന സംരംഭങ്ങൾ (എണ്ണം) | ഇതിനോടകം ആരംഭിച്ചസംരംഭങ്ങൾ (എണ്ണം) |
|---|---|---|---|
| 1 | മഞ്ചേരി മുനിസിപ്പാലിറ്റി | 438 | 274 |
| 2 | തൃക്കലങ്ങോട് ഗ്രാമപഞ്ചായത്ത് | 235 | 125 |
| 3 | പാണ്ടിക്കാട്ഗ്രാമപഞ്ചായത്ത് | 249 | 119 |
| 4 | കീഴാറ്റൂർ ഗ്രാമ പഞ്ചായത്ത് | 164 | 85 |
| 5 | എടപ്പറ്റ ഗ്രാമ പഞ്ചായത്ത് | 103 | 43 |

സെക്ഷൻ ഓഫീസർ